*Swamy Saranam*

# തിരുവിതാംകൂർ ദേവസ്വം ബോർഡ്
## നന്തൻകോട്, തിരുവനന്തപുരം

ആർ ഒ സി. 20322/18/എസ്റ്റാ ബി

ദേവസ്വം കമ്മീഷണർ ഓഫീസ്
27/11 .2018

**ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്**

വിഷയം - വൈക്കം ദേവസ്വം സ്ട്രോംഗ് റൂം ചാർജ്ജ് കൈമാറുന്നത് സംബന്ധിച്ച്.

സൂചന - 1. 12.09.2018 ലെ മേൽ നമ്പർ ഉത്തരവ്.

2. ശ്രീ വിക്രമൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ലിയു പി (സി) 35011/2018 നമ്പർ കേസിന്മേൽ 29.10.2018 ലെ വിധിന്യായം.

വൈക്കം ദേവസ്വത്തിലെ സ്ട്രോംഗ് റൂം ചാർജ്ജ് ഏറ്റെടുക്കണമെന്ന ഉത്തരവ് നല്കിയിട്ടും ഹെഡ് അക്കൗണ്ടന്റായ ശ്രീ കെ വിക്രമൻ ചാർജ്ജ് എടുക്കുന്നതിന് തയ്യാറാകാത്ത നടപടി അത്യന്തം ഗൗരവമുള്ളതു കൂടാതെ സ്ട്രോംഗ് റൂം ചാർജ്ജ് കൈമാറുന്നതിന് എല്ലാ നടപടി ക്രമങ്ങളും പാലിച്ച് മേലുദ്യോഗസ്ഥർ ദേവസ്വത്തിൽ എത്തി മണിക്കൂറുകളോളം കാത്തിരുന്നിട്ടും സ്ഥലത്ത് എത്തിച്ചേരുകയോ വിവരം അറിയിക്കുകയോ ചെയ്യാത്ത ഹെഡ് അക്കൗണ്ടന്റ് ശ്രീ വിക്രമന്റെ നടപടി തികച്ചും ധിക്കാരപരവും കൃത്യനിർവഹണത്തിലെ വീഴ്ചയായും കണ്ടതിനാൽ ടിയാനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു. സൂചന (1)

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ വിക്രമൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ലിയു പി (സി) 35011/2018 നമ്പരായി കേസ് ഫയൽ ചെയ്തു. ടി കേസിന്മേലുള്ള 29.10.2018 ലെ വിധിന്യായത്തിൽ ശ്രീ വിക്രമനെ നേരിൽ കേട്ട് ഉചിതമായ തീരുമാനം എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

**ഉത്തരവ്**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ ഡബ്ലിയു പി (സി) 35011/2018 നമ്പർ കേസിൽ 29.10.2018 ൽ ഉണ്ടായ ഉത്തരവനുസരിച്ച് പരാതിക്കാരനായ ശ്രീ വിക്രമനെ 24.11.2018 ൽ നേരിൽ കേട്ടു. ഗുരുതരമായ ബ്രോങ്കൈറ്റിസ് രോഗബാധിതനായ ടിയാന്റെ സസ്പെൻഷൻ കാരണം കുടുംബ കാര്യങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്നതായി ടിയാൻ ബോധിപ്പിച്ചു. ടിയാന്റെ ചികിത്സ സംബന്ധിച്ച രേഖകളും ഹാജരാക്കി.

മേൽ സാഹചര്യത്തിൽ ശ്രീ വിക്രമനെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ഉത്തരവാകുന്നു. നിയമന ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്
**ദേവസ്വം കമ്മീഷണർ**

പകർപ്പ്

1.സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2.സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3.ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
4.ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
5.ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
6.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഏറ്റുമാനൂർ, വൈക്കം
7. ശ്രീ കെ വിക്രമൻ , ഹെഡ് ക്ലാർക്ക്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് ഏറ്റുമാനൂർ (സസ്പെൻഷനിൽ)
7. എസ്റ്റാ എ സെക്ഷൻ
8.സെക്ഷൻ ഫയൽ

Gayathri

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**അഡ്മിനിസ്ട്രേഷൻ**

6/8